TUESDAY 21.11.2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)21/11/2023

1. കണ്ണൂർ ജില്ലയിലെ മണ്ഡലങ്ങളിൽ അഴീക്കോട്, കണ്ണൂർ, ധർമ്മടം, തലശേരി മണ്ഡലങ്ങളിൽ ഇന്ന് നവകേരള സദസ് 2023 സംഘടിപ്പിക്കുന്നു. മലനാടും ഇടനാടും തീരദേശവും ഉൾപ്പെടുന്ന കണ്ണൂരിന്റെ കാർഷിക ഭൂമികയിൽ സമൃദ്ധിയുടെ വിളവൊരുക്കാനുള്ള തീവ്ര ഇടപെടലുകളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത് . കൃഷിയോഗ്യമായ ഭൂപ്രദേശം മുഴുവൻ നാണ്യ വിളകളും, ചെറുധാന്യവും , ഔഷധസസ്യങ്ങളും, പച്ചക്കറിയും നെല്ലും, പഴവർഗ്ഗങ്ങളും , പൂവും വിളയിക്കാനുള്ള കർഷകന്റെ പരിശ്രമങ്ങൾക്ക് സർക്കാർ നൽകുന്ന പിന്തുണ വിപ്ലവകരമായ മാറ്റമാണ് കണ്ണൂരിന്റെ കാർഷിക മേഖലയിൽ വരുത്തിയിരിക്കുന്നത്. കണ്ണൂർ ജില്ലയിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന പുതിയതായി 477 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയും 297 ഹെക്ടർ സ്ഥലത്ത് വാഴകൃഷിയും 372 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയും ചെയ്തു. തരിശായി കിടന്ന 508 ഹെക്ടർ സ്ഥലം കൃഷി യോഗ്യമാക്കി. ജില്ലയിൽ ഉത്പാദന സേവന വിപണന മേഖലകളിലായി 1296 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട് . 347 ഹെക്ടറിലായി 890 ഫാം പ്ലാൻ പദ്ധതികൾ നടപ്പിലാക്കി. ഫാം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 1 എഫ്. പി. ഒ യും SFAC ധനസഹായത്തോടെ 4 എഫ് പി ഒ കളും രൂപീകരിച്ചു. 7 FPO കൾ പുതുതായി രൂപീകരിക്കുന്നതിനും പദ്ധതിയുണ്ട്. ഒരു കൃഷിഭവൻ ഒരു ഉൽപ്പന്നം പദ്ധതി പ്രകാരം 212 സംരംഭങ്ങൾ ആരംഭിക്കുകയും അവരുടെ ഉൽപ്പന്നങ്ങൾ വിപണത്തിന് തയ്യാറായിട്ടുമുണ്ട്. മയ്യിൽ കൃഷിഭവനിൽ മാത്രം 119 ഉൽപ്പന്നങ്ങൾ കേരളാ ഗ്രോ ബ്രാൻഡിൽ ഓൺലൈൻ വിപണനത്തിനായി തയ്യാറായിട്ടുണ്ട്. മാങ്ങാട്ടിടം ഗോൾഡ് മഞ്ഞൾപൊടി, മാങ്ങാട്ടിടം ഹണി എന്നിവ ബ്രാൻഡഡ് ആയിക്കഴിഞ്ഞ ഉൽപ്പന്നങ്ങൾക്ക് ഉദാഹരണങ്ങളാണ്. കല്യാശ്ശേരിയിൽ 100 ഏക്കറിൽ ഔഷധസസ്യ കൃഷി ആരംഭിക്കുന്നതിനും പദ്ധതിയിട്ടുണ്ട്. നാളികേര വികസന പദ്ധതി പ്രകാരം 25 കേരഗ്രാമങ്ങൾ പുതിയതായി രൂപീകരിച്ചു. ചെറുതാഴം, കൂത്തുപറമ്പ് എന്നീ കൃഷിഭവനുകൾ സ്മാർട്ട് കൃഷിഭവനുകൾ ആക്കുന്നതിന്റെ പാതയിലാണ്. വിവിധ വിഭാഗങ്ങളിലായി കണ്ണൂർ ജില്ലയ്ക്ക് 7 സംസ്ഥാനതല കർഷക അവാർഡുകൾ ലഭിച്ചു. കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ മാങ്ങ, കൈപ്പാട് അരി എന്നീ കാർഷികവിളകൾക്ക് ഭൗമസൂചിക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പദവി ഇതിനകം തന്നെ ലഭിച്ചിട്ടുള്ളതാണ് . 8 ലക്ഷം രൂപ വാർഷിക ടേൺ ഓവർ ഉള്ള പാപ്പിനിശ്ശേരി ഇക്കോ ഷോപ്പ്, റെഡ് ചില്ലിസ് എന്ന പേരിൽ മാങ്ങാട്ടിടം കൃഷിഭവൻ പരിധിയിൽ ഉല്പാദിപ്പിച്ച് വിപണനം ചെയ്യുന്ന മുളകുപൊടി, കൂൺ കൃഷിയിലും വിത്തുല്പാദനത്തിലും വിജയഗാഥ രചിച്ച വനിതാ കർഷക ചിത്രലേഖ, നാൽപതുലക്ഷത്തിനും മുകളിൽ വാർഷിക ടേൺ ഓവർ ഉള്ള പെരിങ്ങോം കാർഷിക കർമ്മ സേന എന്നിവ കാർഷിക മേഖലയിൽ കണ്ണൂരിന്റെ തനതായ വിജയഗാഥകൾ ആണ്. പയ്യന്നൂർ മണ്ഡലം, തരിശുരഹിത പയ്യന്നൂർ പ്രഖ്യാപനത്തിന് അരികിലാണെന്നതും ഇവിടത്തെ കാർഷിക മുന്നേറ്റത്തിന് ഉദാഹരണങ്ങളാണ്.

2. കാർഷിക മേഖലയിൽ ചെലവുകുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്ര വൽക്കരണ ഉപ പദ്ധതി SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക - യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര വിളസംസ്കരണം വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. 2023 2024 - സാമ്പത്തിക വർഷത്തിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓൺലൈൻ ആയി ഈ പോർട്ടലിൽ 01.08.2023 മുതൽ നൽകാവുന്നതാണ്. കാർഷിക യന്ത്രവൽക്കരണ പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷി ഭവനുമായോ 0471 2306748, 0477 2266084, 0495 2725354 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

3. തിരുവനന്തപുരം ജില്ലയിൽ 2022-23 വർഷത്തിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ, തെരുവിൽ പാർക്കുന്നതും അനാഥരുമായ പക്ഷിമൃഗാദികളുടെ ഭക്ഷണം, പാർപ്പിടം, പരിചരണം ശുശ്രൂഷ തുടങ്ങിയ മേഖലയിലുള്ള മികച്ച പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാ തലത്തിൽ തെരെഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ, രജിസ്ട്രേർഡ് സംഘടനകൾ എന്നവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം 2023 നവംബർ മാസം 30-ാം തീയതിക്കകം

തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ അഞ്ച് വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000/- രൂപ ക്യാഷ് അവാർഡ് നൽകുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്റ്ററുടെ ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫാറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

4. തിരുവനന്തപുരം പട്ടം ക്ഷീര പരിശീലന കേന്ദ്രത്തിൽ **22.11.2023 മുതൽ 27.11.2023** വരെ നടത്താനിരുന്ന **ശാസ്ത്രീയ പശു പരിപാലനം** എന്ന പരിശീലന പരിപാടി ചില സാങ്കേതിക കാരണങ്ങളാൽ **25.11.2023 മുതൽ 30.11.2023** വരെയുള്ള തീയതിയിലേക്ക് മാറ്റിയതായി ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചു.

5. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ എഞ്ചിനീയറിങ് ആന്റ് പ്രോസസ്സിങ് ഡിവിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ 'അനലിറ്റിക്കൽ ട്രെയിനി'കളെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 'വാക്ക് ഇൻ ഇന്റർവ്യൂ' നടത്തുന്നു. അപേക്ഷകർക്ക് 60 ശതമാനത്തിൽ കുറയാത്ത മാർക്കോടെ രസതന്ത്രത്തിൽ ബിരുദമോ ബിരുദാനന്തരബിരുദമോ അല്ലെങ്കിൽ പോളിമറിലോ റബ്ബർ ടെക്നോളജിയിലോ ഡിപ്ലോമയോ ഉണ്ടായിരിക്കണം. കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം. താൽപര്യമുള്ളവർ കോട്ടയത്ത് പുതുപ്പള്ളിയിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ, പ്രോസസ്സിങ് ആന്റ് ക്വാളിറ്റി കൺട്രോൾ ജോയിന്റ് ഡയറക്ടർ മുമ്പാകെ **നവംബർ 28**-ന് രാവിലെ 9.30-നും ഉച്ചയ്ക്ക് ഒരു മണിക്കും ഇടയ്ക്ക് വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക.

പരിശീലന പരിപാടി

6. .കേരള കാർഷിക സർവകലാശാല ആരംഭിച്ച നൂതന കോഴ്സുകളുടെ ഭാഗമായി വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള മണ്ണുത്തി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് **"വിള സുസ്ഥിരതയ്ക്കുള്ള ജൈവ ഇടപെടലുകൾ"** എന്ന വിഷയത്തിൽ 3 മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്ട്രേഷൻ ഫീസ് 100 രൂപയും രജിസ്ട്രേഷൻ സ്വീകരിക്കുന്ന പക്ഷം കോഴ്സ് ഫീസ് 4000 രൂപയും അടക്കേണ്ടതാണ്. (പരമാവധി ജന പങ്കാളിത്തം ഉറപ്പുവരുത്തി നടത്തുന്ന ഈ പരിശീലന പരിപാടിക്ക് തുകകൾ അടവാക്കിയ ശേഷം വ്യക്തിപരമായ കാരണത്താൽ പങ്കെടുക്കാതിരിക്കുന്ന പക്ഷം, മറ്റൊരു വ്യക്തിയുടെ അവസരം നഷ്ടപ്പെടുത്തിയെന്ന കാരണത്താൽ, മേൽ തുകകൾ തിരികെ നൽകുന്നതല്ല.) ജൈവ കൃഷിയുടെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളിച്ച് നടത്തുന്ന ഈ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഇ-സർട്ടിഫിക്കറ്റ് നല്കുന്നതാണ്. ജൈവ ഫാമുകളിലെ ജോലിക്കും സംരംഭങ്ങൾക്കും ഈ കോഴ്സ് വഴിയൊരുക്കും. കൂടുതൽ വിവരങ്ങൾക്ക് **0487-2371104 എന്ന ഫോൺ നമ്പരിലോ** https://cti.kau.in എന്ന വെബ്സൈറ്റുമായോ ബന്ധപ്പെടുക.

7. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കോഴിക്കോട് വേങ്ങേരി മാർക്കറ്റിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ വെച്ച് നവംബർ 23 ന്, "**ഹൈഡ്രോപോണിക് കൃഷിരീതികൾ**" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി **0495 2935850, 9188223584** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് അവസരമുണ്ടയിരിക്കുന്നതാണ്.

8. മലപ്പുറം ജില്ലയിലെ -ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ നവംബർ 15 മുതൽ ഡിസംബർ 15 വരെ വിവിധ വിഷയങ്ങളിൽ കർഷക പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. മുട്ടക്കോഴി വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ, ഓമനപ്പക്ഷികളുടെ പരിപാലനം, പോത്തുകുട്ടി പരിപാലനം, തീറ്റപ്പുൽ കൃഷിയും സൈലേജ് നിർമ്മാണവും, കറവപ്പശു പരിപാലനം, കാടപ്പക്ഷി വളർത്തൽ, ഓമന മൃഗങ്ങളുടെ പരിപാലനം, ആട് വളർത്തൽ, താറാവ് വളർത്തൽ എന്നീ വിഷയങ്ങളിലാണ് പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള കർഷകർ 0494-2962296എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.